# റിസർവ് ബാങ്ക് - സംയോജിത ഓംബുഡ്സ്മാൻ പദ്ധതി, 2021
## പ്രധാനമായ സവിശേഷതകൾ

**പ്രയോഗക്ഷമത:**

ബാങ്കോ ബാങ്കിങ്-ഇതര ധനകാര്യ സ്ഥാപനമോ അല്ലെങ്കിൽ പദ്ധതിയിൽ നിർവചിക്കപ്പെട്ട വ്യവസ്ഥ പങ്കാളിയോ (പേയ്മെന്റ് വ്യവസ്ഥയിൽ പങ്കെടുക്കുന്ന ആൾ) അല്ലെങ്കിൽ സമയസമയത്ത് റിസർവ് ബാങ്ക് നിർദ്ദേശിക്കുന്ന മറ്റെന്തെങ്കിലും സ്ഥാപനമോ നൽകുന്ന സേവനങ്ങൾക്ക് ഈ പദ്ധതി സ്കീമിന് കീഴിൽ ഒഴിവാക്കപ്പെടാത്ത പരിധി വരെ ബാധകമാണ്.

| ഒരു ഉപഭോക്താവ് പരാതി ഉന്നയിക്കാനുള്ള കാരണങ്ങൾ:- | ഒരു പരാതി നിലനിൽക്കാതിരിക്കാനുള്ള കാരണങ്ങൾ/സ്കീമിൽ ഇനി പറയുന്ന വിഷയങ്ങളിൽ സേവനത്തിലെ ന്യൂനതകളെ കുറിച്ചുള്ള ഒരു പരാതിയും സ്വീകരിക്കില്ല:- |
|---|---|
| ലെൻഡിങ് കാർട്ട് ഫിനാൻസ് ലിമിറ്റഡിന്റെ("**കമ്പനി**") ഏതെങ്കിലും സേവന വീഴ്ച കാരണം വ്യസനമുണ്ടായ ഏത് ഉപഭോക്താവിനും നേരിട്ടോ പദ്ധതിയിൽ നിർവചിക്കപ്പെട്ടിരിക്കുന്ന അംഗീകൃത പ്രതിനിധി വഴിയോ ഈ പദ്ധതിക്ക് കീഴിൽ പരാതി ഉന്നയിക്കാം. | • കമ്പനിയുടെ വ്യാപാര സംബന്ധിയായ തീർപ്പുകൾ/തീരുമാനങ്ങൾ;<br>• ഒരു ഔട്ട്സോഴ്സിങ് കരാറിനെ സംബന്ധിച്ച് ഒരു വെണ്ടറും കമ്പനിയും തമ്മിലുള്ള തർക്കം;<br>• ഓംബുഡ്സ്മാനിന് നേരിട്ട് അഭിസംബോധന ചെയ്യാത്ത പരാതി;<br>• കമ്പനിയുടെ മാനേജ്മെന്റ് അല്ലെങ്കിൽ എക്സിക്യൂട്ടീവുകൾക്കെതിരെ ഉള്ള പൊതു പരാതികൾ;<br>• ഒരു നിയമാനുസൃത അല്ലെങ്കിൽ നിയമ നിർവ്വഹണ അധികാരിയുടെ ഉത്തരവുകൾക്ക് അനുസൃതമായി കമ്പനി നടപടി ആരംഭിക്കുന്ന ഒരു തർക്കം;<br>• റിസർവ് ബാങ്കിന്റെ കാര്യനിർവ്വഹണ പരിധിക്ക് പുറത്തുള്ള ഒരു സേവനം;<br>• കമ്പനിയും മറ്റ് വ്യവസ്ഥാപിത സംരംഭങ്ങളുമായുള്ള തർക്കം;<br>• കമ്പനിയുടെ തൊഴിലാളി-തൊഴിലുടമ ബന്ധം സംബന്ധിച്ച തർക്കം.<br>• ഈ പരാതി ഇതിനകം നടപടിയുടെ അതേ കാരണവുമായി ബന്ധപ്പെട്ടതല്ല-<br>- ഒരു ഓംബുഡ്സ്മാനിനു കീഴിൽ തീർച്ചപ്പെടുത്താത്തതോ ഒരേ പരാതിക്കാരന്റെ പക്കൽ നിന്ന് കിട്ടിയതാണെങ്കിലും അല്ലെങ്കിലും അഥവാ ബന്ധപ്പെട്ട ഒന്നോ അതിലധികമോ കക്ഷികളുടെ ഒന്നോ അതിലധികമോ പരാതികളുടെ കൂട്ടത്തിൽ കിട്ടിയിട്ടും ഓംബുഡ്സ്മാൻ സംഗതികളുടെ അടിസ്ഥാനത്തിൽ കൈകാര്യം ചെയ്യുന്നതോ തീർപ്പാക്കിയതോ; കൂടാതെ |

| | |
|---|---|
| | - കോടതി, ട്രൈബ്യൂണൽ അല്ലെങ്കിൽ മധ്യസ്ഥൻ അല്ലെങ്കിൽ മറ്റേതെങ്കിലും ഫോറം അല്ലെങ്കിൽ അധികാരി മുൻപാകെ തീർപ്പു കൽപ്പിക്കാത്തത്; അല്ലെങ്കിൽ, ഒരേ പരാതിക്കാരന്റെ പക്കൽ നിന്ന് കിട്ടിയതാണെങ്കിലും അല്ലെങ്കിലും അഥവാ ബന്ധപ്പെട്ട ഒന്നോ അതിലധികമോ പരാതിക്കാർ/കക്ഷികളുടെ കൂട്ടത്തിൽ കിട്ടിയിട്ടും കോടതി, ട്രൈബ്യൂണൽ അല്ലെങ്കിൽ മധ്യസ്ഥൻ അല്ലെങ്കിൽ മറ്റേതെങ്കിലും ഫോറം അല്ലെങ്കിൽ അധികാരി സംഗതികളുടെ അടിസ്ഥാനത്തിൽ കൈകാര്യം ചെയ്തതോ തീർപ്പാക്കിയതോ.<br>• പരാതി അസഭ്യമോ ബാലിശമോ ഉപദ്രവകരമോ ആണ്;<br>• ഇങ്ങനെയുള്ള ക്ലെയിമുകൾക്ക് 1963 ലെ ലിമിറ്റേഷൻ ആക്റ്റിൽ നിർദേശിക്കുന്ന കാലാവധി കഴിഞ്ഞതിന് ശേഷം കമ്പനിക്ക് പരാതി കൊടുത്തതാണെങ്കിൽ;<br>• പദ്ധതിയിലെ വാക്യം 11 നിർദേശിക്കുന്ന പൂർണമായ വിവരങ്ങൾ പരാതിക്കാരൻ നൽകുന്നില്ലെങ്കിൽ; |

| | |
|---|---|
| | • പരാതിക്കാരൻ നേരിട്ടോ അല്ലെങ്കിൽ വക്കീൽ (പരാതിക്കാരൻ വക്കീൽ അല്ലെങ്കിൽ) അല്ലാത്ത ഒരു അംഗീകൃത പ്രതിനിധി മുഖേനയോ അല്ല പരാതി ഉന്നയിച്ചതെങ്കിൽ. |

**ഒരു ഉപഭോക്താവിന് എങ്ങനെ പരാതി നൽകാം?**



| | |
|---|---|
| കമ്പനിയിൽ നിന്ന് പരാതിക്കാരന് മറുപടികിട്ടി ഒരു വർഷത്തിനുള്ളിൽ | പരാതിക്ക് ഒരു വർഷം 30 ദിവസത്തിനുള്ളിൽ |

**ഓംബുഡ്സ്മാൻ / കേന്ദ്രീകൃത രസീതി നടപടി കേന്ദ്രത്തിൽ പരാതി ഉന്നയിക്കാനുള്ള വഴി: -**

1. **പരാതിക്കായി രൂപകൽപന ചെയ്ത പോർട്ടലിലൂടെ ഓൺലൈൻ ഉന്നയിക്കാം (https://cms.rbi.org.in)**

**2. കേന്ദ്രീകൃത രസീതി നടപടി കേന്ദ്രത്തിൽ ഇലക്ട്രോണിക് ആയോ നേരിട്ടോ ഇനി പറയുന്ന വിലാസത്തിൽ പരാതി സമർപ്പിക്കാം. നേരിട്ട് നൽകുകയാണെങ്കിൽ, പരാതിക്കാരനോ അംഗീകൃത പ്രതിനിധിയെ പരാതിയിൽ യഥാക്രമം ഒപ്പ് വെച്ചിരിക്കണം.**

**3. പരാതി ഫോമിൽ (പ്രത്യേകം അപ്‌ലോഡ് ചെയ്തിരിക്കുന്നു) തന്നിരിക്കുന്ന മാതൃകയിലും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദേശിക്കുന്ന വിവരങ്ങൾ അടങ്ങിയതും ആയിരിക്കണം നേരിട്ട് നൽകുന്ന പരാതി.**

| |
|---|
| **കേന്ദ്രീകൃത രസീതി നടപടി കേന്ദ്രത്തിന്റെ വിശദാംശങ്ങൾ (CRPC)**<br><br>കേന്ദ്രീകൃത രസീതി നടപടി കേന്ദ്രം(CRPC)<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, സെൻട്രൽ വിസ്ത, 4th ഫ്ലോർ,<br>ചണ്ഡീഗഢ്-160 017 ടോൾ-ഫ്രീ നമ്പർ. – 14448 |

1. **ഓംബുഡ്സ്മാൻ എങ്ങനെയാണ് തീരുമാനങ്ങൾ എടുക്കുന്നത്?**
   - ഓംബുഡ്സ്മാന്റെ മുമ്പാകെയുള്ള നടപടികൾ ചുരുക്കത്തിലുള്ളതാണ്
   - അനുരഞ്ജനത്തിലൂടെ തീർപ്പാക്കൽ പ്രോത്സാഹിപ്പിക്കുന്നു-> കഴിഞ്ഞില്ലെങ്കിൽ, വിധി/ഓർഡർ പുറപ്പെടുവിക്കാം

2. **ഓംബുഡ്സ്മാന്റെ തീരുമാനത്തിൽ തൃപ്തിയില്ലെങ്കിൽ, ഉപഭോക്താവിന് കേൾക്കാൻ അധികാരമുള്ളിടത്ത് അപ്പീൽ നൽകാമോ?**

   **അതെ, ഓംബുഡ്സ്മാന്റെ തീരുമാനത്തിൽ അപ്പീൽ നൽകാവുന്നതാണ് > അപ്പീൽ കേൾക്കാവുന്ന അധികാരി: റിസർവ് ബാങ്ക് വകുപ്പിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻ ചാർജ് > പരാതി വിധിക്കോ നിരസിച്ചതിനോ 30 ദിവസത്തിനുള്ളിൽ അപ്പീൽ നൽകണം).**

**ശ്രദ്ധിക്കുക:**

- **ഇതൊരു ഇതര തർക്ക പരിഹാര സംവിധാനമാണ്**
- **ഏതു ഘട്ടത്തിലും പരിഹാരത്തിനായി ഉപഭോക്താവിന് ഏത്**

**കോടതി/ഫോറം/അധികാരിയെ സമീപിക്കാൻ സ്വാതന്ത്ര്യമുണ്ട്.**

- **സ്കീമിന്റെ കൂടുതൽ വിശദാംശങ്ങൾക്കായി**

https://cms.rbi.org.in/cms/indexpage.html#eng **പരിശോധിക്കുക**

ലെൻഡിങ് കാർട്ട് ഫിനാൻസ് ലിമിറ്റഡിന്റെ
പ്രിൻസിപ്പൽ നോഡൽ ഓഫിസർ

കുമാരി. സായനേന്ദു ചാറ്റർജി

വിലാസം: ഇന്ദ്രപ്രസ്ഥ് ബിസിനസ് പാർക്ക്,
സിക്സത്ത് ഫ്ലോർ, സർഖെജ് റോസാ റോഡ്, മകർബ,
അഹമ്മദാബാദ് – 380 051.
ടെലി.നം.: 079 6814 4659 മോബ്. നം: +91-70690
87586
ഇ-മെയിൽ: nodalofficer@lendingkart.com
തിങ്കൾ മുതൽ വെള്ളി വരെ (പൊതു
അവധികൾ ഒഴികെ) എന്നും രാവിലെ 10:30 മണി മുതൽ
വൈകുന്നേരം 6:00 മണി വരെ പ്രിൻസിപ്പൽ നോഡൽ
ഓഫിസറുമായി ബന്ധപ്പെടാവുന്നതാണ്